## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3474    20/06/2019 ൽ മറുപടി നൽകേണ്ടിയിരുന്നത്**

### ഫയലുകൾ തീർപ്പാക്കാനുള്ള കാലതാമസം

ചോദ്യം
ശ്രീ. മഞ്ഞളാംകുഴി അലി

മറുപടി
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പൊതുഭരണ വകുപ്പിനു കീഴിലുള്ള വിവിധ വകുപ്പുകളിൽ എത്ര ഫയലുകളാണ് നാളിതുവരെയായി തീർപ്പാക്കാതെ അവശേഷിയ്ക്കുന്നത്; വകുപ്പുതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (എ) | വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇ- ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടും ഫയലുകൾ തീർപ്പാക്കുന്നതിൽ വളരെയധികം കാലതാമസം നേരിടുന്നതിന് കാരണമെന്താണെന്ന് വെളിപ്പെടുത്താമോ ; | (ബി) & (സി) | ഫയലുകളിൽ തീരുമാനം എടുക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിന് പ്രധാന കാരണം കീഴ് കാര്യാലയങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കേണ്ടിവരുമ്പോഴുള്ള താമസമാണ്. വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിലേക്കായി ഫയൽ അദാലത്തുകൾ നടത്തി പരമാവധി ഫയലുകൾ തീർപ്പാക്കി വരുന്നു. കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീരുമാനമുണ്ടാകാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. മൂന്നുമാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ലിങ്ക് ഓഫീസർ സിസ്റ്റം നടപ്പിലാക്കിയതും ഫയൽനീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കോടതി നടപടികളില്ലാത്തതും നയപരമായ തീരുമാനം ആവശ്യമില്ലാത്തതുമായ ഫയലുകളിൽപോലും അനാവശ്യ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | വകുപ്പുകൾ | 2019 മെയ് 31 വരെ തീർപ്പാകാതെയുള്ള ഫയലുകളുടെ എണ്ണം |
|---|---|---|
| 1 | കൃഷി | 5956 |
| 2 | ആയുഷ് | 886 |
| 3 | സഹകരണം | 4274 |
| 4 | സാംസ്കാരികം | 1407 |
| 5 | പരിസ്ഥിതി | 694 |
| 6 | ഭക്ഷ്യവും പൊതുവിതരണവും | 1587 |
| 7 | വനം വന്യജീവി വകുപ്പ് | 3484 |
| 8 | പൊതുഭരണം | 5347 |
| 9 | പൊതുവിദ്യാഭ്യാസം | 11394 |
| 10 | ആരോഗ്യവുംകുടുംബക്ഷേമവും | 7418 |
| 11 | ആഭ്യന്തരം | 14150 |
| 12 | ഭവനനിർമ്മാണം | 412 |
| 13 | വ്യവസായം | 6188 |
| 14 | വിവര പൊതുജനസമ്പർക്കം | 1218 |
| 15 | തൊഴിലും നൈപുണ്യവും | 3413 |
| 16 | പ്രവാസികാര്യം | 874 |
| 17 | പാർലമെന്ററികാര്യം | 439 |
| 18 | ഉദ്യോഗസ്ഥ ഭരണപരിഷ്കാരം | 985 |
| 19 | ആസൂത്രണവും സാമ്പത്തികകാര്യവും | 1283 |
| 20 | ഊർജ്ജം | 1884 |
| 21 | പൊതുമരാമത്ത് | 2676 |
| 22 | റവന്യൂ | 16274 |
| 23 | സൈനികക്ഷേമം | 769 |
| 24 | സ്റ്റോഴ്സ് പർച്ചേസ് | 206 |
| 25 | വിനോദസഞ്ചാരം | 1098 |
| 26 | വിജിലൻസ് | 3184 |
| 27 | മൃഗസംരക്ഷണം | 1216 |
| 28 | വിവരസാങ്കേതികം | 1802 |
| 29 | ശാസ്ത്രസാങ്കേതികം | 368 |
| 30 | നികുതി | 6350 |

| | | |
|---|---|---|
| 31 | ഉന്നതവിദ്യാഭ്യാസം | 11400 |
| 32 | ഗതാഗതം | 1302 |
| 33 | തീരദേശ കപ്പൽഗതാഗത ഉൾനാടൻ ജലഗതാഗതം | 177 |
| 34 | പിന്നോക്കവിഭാഗവികസനം | 958 |
| 35 | കായിക യുവജനക്ഷേമവകുപ്പ് | 612 |
| 36 | മത്സ്യബന്ധനം | 2240 |
| 37 | തുറമുഖം | 1352 |
| 38 | ജലവിഭവം | 5376 |
| 39 | പട്ടികജാതി/പട്ടികവർഗ്ഗവികസനം | 3187 |
| 40 | സാമൂഹ്യനീതി | 1389 |
| 41 | തദ്ദേശസ്വയംഭരണം | 39315 |
| | ആകെ | 1,74,544 |

സെക്ഷൻ ഓഫീസർ